## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4436** **27.06.2013 ൽ മറുപടിക്ക്**

**പുതിയ സൂപ്പർ മാർക്കറ്റുകളും മാവേലി മെഡിക്കൽ സ്റ്റോറുകളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. എം. എ. വാഹീദ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) പുതിയ സൂപ്പർ മാർക്കറ്റുകളും മാവേലി മെഡിക്കൽ സ്റ്റോറുകളും തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പുതിയ സൂപ്പർ മാർക്കറ്റുകളും മെഡിക്കൽ സ്റ്റോറുകളും തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ ഘട്ടത്തിൽ 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റ് വരവുള്ള മാവേലിസ്റ്റോറുകളെയും രണ്ടാം ഘട്ടത്തിൽ 7 ലക്ഷം രൂപയിൽ കൂടുതൽ വിറ്റ് വരവുള്ള മാവേലി സ്റ്റോറുകളേയും സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്.<br>സാമ്പത്തികമായും വാണിജ്യപരമായും ഗുണകരമായതും നിലവിൽ മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്തതുമായ സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടവും ജീവനക്കാരുടെ ലഭ്യതയും അനുസരിച്ച് പുതിയ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) വൻകിട കമ്പനികൾ തുടങ്ങിയിട്ടുള്ള സൂപ്പർ മാർക്കറ്റുകളോട് കിട പിടിച്ച് അവിടെ ലഭിക്കുന്നതിനുപരി മികച്ച സേവനങ്ങളും സൗകര്യങ്ങളും വളരെ കുറഞ്ഞ നിരക്കിൽ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുകയെന്നതാണ് ഉദ്ദേശ്യം. പരമാവധി എല്ലാ നിത്യോപയോഗ സാധനങ്ങളും വളരെ കുറഞ്ഞ നിരക്കിൽ ഒരു കുടക്കീഴിൽ വിതരണം ചെയ്യുകയും അതു വഴി സപ്ലൈകോയുടെ സേവനങ്ങൾ എല്ലാ പൊതുജനങ്ങൾക്കും എത്തിക്കുകയും എന്നുള്ളതാണ് ലക്ഷ്യം. കൂടാതെ ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ |

ഗുണനിലവാരമുള്ള എല്ലാ മരുന്നുകളും സാധാരണ ജനങ്ങൾക്ക് പരമാവധി വിലക്കുറവിലും ബി.പി.എൽ. കാർഡ് ഉടമകൾക്ക് പ്രതിമാസം 1000 രൂപവരെയുള്ള മരുന്നുകൾ വാങ്ങുമ്പോൾ 25% വരെ ഡിസ്കൗണ്ടിലും നൽകുന്നു.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ എന്നിവയുടെ സഹകരണം ലഭിച്ചുവരുന്നു.

(ഡി) ഇവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) നിശ്ചിത വിറ്റ് വരവുള്ള മാവേലി സ്റ്റോറുകളുടെ പട്ടിക തയ്യാറാക്കി അതാത് റീജിയണൽ മാനേജർമാർക്ക് സാദ്ധ്യതാ പഠനത്തിനായി നൽകിയിട്ടുണ്ട്. ഇവ ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടം സപ്ലൈകോയുടെ മാനദണ്ഡമനുസരിച്ച് ലഭിക്കേണ്ടതായിട്ടുണ്ട്. റീജിയണൽ മാനേജരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ജീവനക്കാരുടെ ലഭ്യത കണക്കിലെടുത്തും പുതിയ സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
സപ്ലൈകോ ഏഴ് സ്ഥലങ്ങളിൽ മെഡിക്കൽ സ്റ്റോർ തുടങ്ങുവാൻ അനുവാദം നൽകിയിട്ടുണ്ട്. കോഴിക്കോട് റീജിയണിൽ ഒരു മെഡിക്കൽ സ്റ്റോറും, കോട്ടയം റീജിയണിൽ രണ്ടു മെഡിക്കൽ സ്റ്റോറും, എറണാകുളം റീജിയണിൽ നാലു മെഡിക്കൽ സ്റ്റോറും തുടങ്ങുവാനാണ് അനുമതി കൊടുത്തത്. കൂടുതൽ സ്ഥലങ്ങളിൽ മെഡിക്കൽ സ്റ്റോർ തുടങ്ങുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

Beena

സെക്ഷൻ ഓഫീസർ